കേരള സർക്കാർ

## വ്യാവസായിക പരിശീലന വകുപ്പ്

**പ്രോസ്പെക്ടസ് നമ്പർ - SCVT/02/2017**

*സർക്കാർ ഐ.ടി.ഐ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്*

# കേരള സർക്കാരിന്റെ കീഴിലുള്ള SCVT-യുടെ പാഠ്യപദ്ധതി അനുസരിച്ച് 2017 ആഗസ്റ്റിൽ ആരംഭിക്കുന്ന കോഴ്സുകളിലെ പ്രവേശനത്തിനുള്ളത്

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1 | പ്രധാന തീയതികൾ | 3 |
| 2 | കോഴ്സുകളും, വിദ്യാഭ്യാസ യോഗ്യതകളും | 4 |
| 3 | പ്രായവും, ശാരീരിക യോഗ്യതയും | 5 |
| 4 | പ്രത്യേക ബാച്ചുകൾ | 5 |
| 5 | പ്രവർത്തന സമയവും, ഹാജരും | 6 |
| 6 | പ്രവേശനവും തെരഞ്ഞെടുപ്പും | 6 |
| 7 | നേറ്റിവിറ്റി/ഡൊമിസയിൽ | 8 |
| 8 | ആവർത്തന പ്രവേശനം | 8 |
| 9 | സംവരണം | 9 |
| 10 | ആനുകൂല്യങ്ങൾ | 11 |
| 11 | നിർബന്ധിത ഹാജർ ശതമാനം | 11 |
| 12 | സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് | 12 |
| 13 | ഫീസ് | 12 |
| 14 | അപേക്ഷ സമർപ്പിക്കേണ്ട രീതി | 13 |
| 15 | നിബന്ധന | 14 |
| 16 | അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരങ്ങൾ | 14 |
| 17 | **അനുബന്ധം - 1**<br>എസ്.സി.വി.റ്റി പാഠ്യപദ്ധതി അനുസരിച്ച് സർക്കാർ ഐ.ടി.ഐ-കളിൽ 2017 ആഗസ്റ്റ് സെഷനിൽ പ്രവേശനം നടത്തുന്ന കോഴ്സുകളുടെ വിവരം | 16 |
| 17 | **അനുബന്ധം - 2**<br>2017 ആഗസ്റ്റ് സെഷനിൽ പ്രവേശനം നൽകുന്ന ഐ.ടി.ഐ-കളും എസ്.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകളും, യൂണിറ്റുകളും | 19 |

## കേരള സർക്കാരിന്റെ കീഴിലുള്ള എസ്.സി.വി.റ്റി പാഠ്യപദ്ധതി അനുസരിച്ച് സർക്കാർ ഐ.ടി.ഐ-കളിൽ 2017 ആഗസ്റ്റിൽ ആരംഭിക്കുന്ന സെഷനിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്

എസ്.സി.വി.റ്റി പാഠ്യപദ്ധതി അനുസരിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഐ.റ്റി.ഐകളിൽ എൻ.സി.വി.റ്റിയുടെ അഫിലിയേഷൻ ഇല്ലാത്ത ട്രേഡുകളിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് എൻ.റ്റി.സി.യ്ക്ക് തുല്യമായ കേരള പി.എസ്.സി അംഗീകരിച്ച എസ്.റ്റി.സി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## 1. പ്രധാന തീയതികൾ

1. പൂരിപ്പിച്ച അപേക്ഷ ഐ.ടി.ഐ പ്രിൻസിപ്പാളിന് ലഭിക്കേണ്ട അവസാന തീയതി - **24/06/2017, 5 PM**
2. സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി - **29/06/2017**
3. അഡ്മിഷൻ തീയതി - **01/07/2017**
4. അഡ്മിഷൻ നടപടികൾ അവസാനിക്കുന്ന തീയതി - **31/07/2017, 5 PM**

മേൽ പ്രസ്താവിച്ച തീയതികൾക്ക് ഏതെങ്കിലും കാരണവശാൽ മാറ്റം വരുന്നപക്ഷം ആയത് പ്രിൻസിപ്പാൾ നോട്ടീസ്/പത്രപരസ്യം ചെയ്യുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ ലിസ്റ്റ് അതാത് ഐ.റ്റി.ഐ-കളിൽ പ്രസിദ്ധീകരിക്കുന്നതും ടി വിവരത്തിന് പ്രിൻസിപ്പാൾ നോട്ടീസ്/പത്രപരസ്യം ചെയ്യുന്നതുമായിരിക്കും. അപേക്ഷകർക്ക് തെരഞ്ഞെടുക്കപ്പെടുന്ന അതാത് ഐ.ടി.ഐ-കളിൽ നിന്നും മെമ്മോ കാർഡുകൾ അയക്കുന്നതാണ്. ഇതിലേയ്ക്കായി അപേക്ഷകൻ സ്വന്തം മേൽവിലാസം എഴുതിയ 6/- (ആറ്) രൂപയുടെ സ്റ്റാമ്പ് പതിച്ച ഒരു പോസ്റ്റുകാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മെമ്മോ കാർഡ് ലഭിയ്ക്കാതിരുന്നാൽ അതിന് പ്രിൻസിപ്പാൾ ഉത്തരവാദിയായിരിക്കുന്നതല്ല. അപേക്ഷകർ ഐ.ടി.ഐ-യിൽ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റു നോക്കി ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

## 2. കോഴ്സുകളും, വിദ്യാഭ്യാസ യോഗ്യതകളും

(എ) പ്ലസ്ടു, എസ്.എസ്.എൽ.സി ജയിച്ചവർക്കും, എസ്.എസ്.എൽ.സി തോറ്റവർക്കും / തത്തുല്യ യോഗ്യതയുള്ളവർക്കും തെരഞ്ഞെടുക്കാവുന്ന ട്രേഡുകളാണ് നിലവിൽ ഉള്ളത്. ഇതിൽ ഏകവത്സര/ദ്വിവത്സര കോഴ്സുകളും (2 സെമസ്റ്റർ, 4 സെമസ്റ്റർ) ഉൾപ്പെടും.

(ബി) സാക്ഷരതാ മിഷൻ നടത്തുന്ന ലെവൽ എ സ്റ്റാൻഡേർഡ് 10 തുല്യതാ പരീക്ഷ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തുല്യമായിരിക്കും.
(ജി.ഒ. (എം.എസ്) നം. 78/2004/ജന.എഡ്യു., തീയതി: 09.03.2004)

(സി) സംസ്ഥാനത്തെ ഐ.ടി.ഐകളിലെ മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിന് സി.ബി.എസ്.ഇ സ്കൂൾ തലത്തിൽ നടത്തുന്ന പത്താം ക്ലാസ് സ്കൂൾതല പരീക്ഷ വിജയിച്ച അപേക്ഷകരെയും, നോൺ മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിന് സി.ബി.എസ്.ഇ പത്താം ക്ലാസ് സ്കൂൾതല പരീക്ഷയിൽ പങ്കെടുത്ത അപേക്ഷകരെയും പരിഗണിക്കുന്നതാണ്.
(സ.ഉ(സാധാ) നം.1227/2016/തൊഴിൽ തീയതി 03.10.2016).

(ഡി) ബധിരർ/മൂകർ (Deaf & Dumb) ആയ അപേക്ഷകർക്ക് ട്രെയിനിംഗ് ലഭിയ്ക്കുന്നതിന് മറ്റു തരത്തിൽ അയോഗ്യതയില്ലെങ്കിൽ ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിൽ ഇംഗ്ലീഷിന് പകരമായി തെരഞ്ഞെടുത്ത വിഷയങ്ങളുടെ മാർക്ക് ഇംഗ്ലീഷ് വിഷയത്തിന് തുല്യമായി കണക്കാക്കി ഐ.ടി.ഐ പ്രവേശനത്തിന് പരിഗണിക്കുന്നതാണ്.
(സർക്കുലർ നമ്പർ. സി1/17517/2010, തീയതി: 26.09.2010)

(ഇ) National Institute of Open School നൽകുന്ന Secondary/Higher Secondary School Certificate നിബന്ധനകൾക്ക് വിധേയമായി 12.05.2011-ലെ G.O. (Rt) No. 1768/2011/G.Edn. പ്രകാരം State Board Examination-ന് തുല്യമാക്കിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരമുള്ള സർട്ടിഫിക്കറ്റ് നേടിയവർക്കും ഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്.
(ഉത്തരവ് നമ്പർ. സി1/17190/10, തീയതി: 30.07.12)

(എഫ്) പ്രൈവറ്റായി എസ്.എസ്.എൽ.സി എഴുതി തോറ്റവർക്ക് ഐ.ടി.ഐ-യിൽ പ്രവേശനത്തിന് അർഹതയില്ല.

## 3. പ്രായവും, ശാരീരിക യോഗ്യതയും

**31.07.2017-ൽ 14** വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. ഉയർന്ന പ്രായപരിധിയില്ല. അപേക്ഷകന് നിർദ്ദിഷ്ട ശാരീരിക യോഗ്യത ഉണ്ടായിരിക്കണം.

## 4. പ്രത്യേക ബാച്ചുകൾ

എസ്.സി.വി.റ്റി കോഴ്സിന്റെ പ്രത്യേക ബാച്ചുകൾ ചുവടെ കുറിക്കുന്ന വിഭാഗങ്ങൾക്കായി തെരഞ്ഞെടുത്ത ഐ.ടി.ഐ-കളിൽ നടത്തുന്നുണ്ട്.

a) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുവേണ്ടി മാത്രം നടത്തുന്ന പ്രത്യേക ബാച്ച് (ഇതിനുള്ള പ്രത്യേക അപേക്ഷകൾ അതാത് ഐ.റ്റി.ഐ-കളിൽ നിന്ന് സൗജന്യമായി ലഭിക്കുന്നതാണ്) അനുബന്ധം 2 ൽ ഓരോ ഐ.ടി.ഐ-കളിലും ഉള്ള ടി ട്രേഡുകളെ കുറിച്ചുള്ള വിവരത്തിൽ, SCP എന്ന് പ്രത്യേകമായി കാണിച്ചിരിക്കുന്നു.

b) തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള പ്രത്യേക ബാച്ചിലേക്ക് (ഇതിനുള്ള തെരഞ്ഞെടുപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് തന്നെ നേരിട്ടു നടത്തുന്നതാണ്) തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സംസ്ഥാന ലേബർ വെൽഫയർ ഫണ്ട് ബോർഡ് സ്റ്റൈപ്പന്റ് നൽകുന്നതാണ്. ലേബർ വെൽഫയർ ഫണ്ട് വിഭാഗത്തിൽ നിന്നും മതിയായ അപേക്ഷകർ ഇല്ലാത്തപക്ഷം പ്രസ്തുത സീറ്റുകളിലേക്ക് മറ്റു വിഭാഗത്തിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണ്. അനുബന്ധം 2 ൽ ഓരോ ഐ.ടി. ഐ-കളിലും ഉള്ള ടി ട്രേഡുകളെ കുറിച്ചുള്ള വിവരത്തിൽ LWF എന്ന് പ്രത്യേകമായി കാണിച്ചിരിക്കുന്നു. **ടി ട്രേഡുകളിലേക്കുള്ള അപേക്ഷകൾ, അപേക്ഷയുടെ വലതുഭാഗത്ത് മുകളിൽ LWF എന്നു രേഖപ്പെടുത്തി ഐ.ടി.ഐ-കളിൽ സമർപ്പിക്കേണ്ടതും, ആയതിന്റെ രണ്ടു പകർപ്പുകൾ ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൻ തൊഴിലാളി ക്ഷേമനിധി ബോർഡിന് അയച്ചു കൊടുക്കേണ്ടതുമാണ്.** ടി വിഭാഗത്തിനായി നിലവിലുള്ള നിർദ്ദിഷ്ട ട്രേഡുകളിലല്ലാതെ മറ്റു ട്രേഡുകളിലേയ്ക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ മെറിറ്റ് വിഭാഗത്തിലേക്ക് പ്രത്യേകം അപേക്ഷ ഐ.ടി.ഐ-യിൽ സമർപ്പിക്കേണ്ടതാണ്.

## 5. പ്രവർത്തന സമയവും, ഹാജരും

എല്ലാ ഐ.ടി.ഐ-കളും തിങ്കൾ മുതൽ ശനി വരെ രാവിലെ 7.50 am മുതൽ 3 pm വരെയും, 10 am മുതൽ 5.10 pm വരെയും ഉള്ള രണ്ടു ഷിഫ്റ്റുകളിലായിട്ടാണ് പ്രവർത്തിക്കുന്നത് (സ.ഉ. (സാധാ.) നം. 604/2015/ തൊഴിൽ, തീയതി: 05.05.2015). ഐ.ടി.ഐ-കൾ വെക്കേഷൻ ഇല്ലാത്ത തൊഴിൽ പരിശീലന സ്ഥാപനങ്ങളാണ്. എല്ലാ ഐ.ടി.ഐ-കളിലും ട്രെയിനികളുടെ ഹാജർ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് രേഖപ്പെടുത്തുകയും, സൂക്ഷിക്കുകയും ചെയ്യുന്നു.

## 6. പ്രവേശനവും, തെരഞ്ഞെടുപ്പും

ഓരോ വർഷവും ആഗസ്റ്റ് 1 മുതലാണ് കോഴ്സുകൾ ആരംഭിക്കുന്നത്. മെട്രിക്/നോൺ മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിനുവേണ്ടി അപേക്ഷകന് മെട്രിക്കുലേഷൻ പരീക്ഷയിൽ ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് (ആകെ 300 മാർക്കിന്) ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന ലഭിക്കും. പ്ലസ്ടു/ തത്തുല്യയോഗ്യത അടിസ്ഥാന യോഗ്യതയുള്ള ട്രേഡുകളിലേക്ക് പ്ലസ്ടു/ തത്തുല്യയോഗ്യത മാർക്കിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്.

6(എ) എസ്.എസ്.എൽ.സി-യ്ക്ക് ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നതിനു ശേഷം ലഭിയ്ക്കുന്ന മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്ന രീതി ചുവടെ ചേർക്കുന്നു. 2005 വർഷത്തെ മാർക്ക് ലിസ്റ്റിൽ കണ്ടിന്യൂയിംഗ് ഇവാല്യൂവേഷൻ ഉള്ള മാർക്കും (10) തിയറിയ്ക്ക് ഉള്ള മാർക്കും (50) ഗ്രേഡിനൊപ്പം കാണിച്ചിരിക്കുന്നു. ഇത്തരം മാർക്ക് ലിസ്റ്റിന് അനുവദിക്കപ്പെടുന്ന ഇൻഡക്സ് മാർക്ക് ചുവടെ കുറിച്ചിരിക്കുന്ന തരത്തിൽ കണക്കാക്കുന്നു. ആകെ ഇംഗ്ലീഷ-I, ഇംഗ്ലീഷ്-II, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്-I, മാത്തമാറ്റിക്സ്-II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, 300 മാർക്കിലേയ്ക്ക് ചുവടെ കുറിയ്ക്കുന്ന ഫോർമുല അനുസരിച്ച് മാറ്റുന്നു.

$$\frac{\text{6 വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് } \times 300}{360}$$

ഇതോടൊപ്പം അനുവദനീയമായ ഗ്രേസ് മാർക്ക് കൂടി കൂട്ടുന്നു.

6(ബി) 2006-നു ശേഷമുള്ള എസ്.എസ്.എൽ.സി-യുടെ മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് കണക്കാക്കുന്ന രീതി ചുവടെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| A+ | 90-ന് മുകളിൽ | 95 മാർക്ക് | C | 40-49 | 45 മാർക്ക് |
| A | 80-89 | 85 മാർക്ക് | D+ | 30-39 | 35 മാർക്ക് |
| B+ | 70-79 | 75 മാർക്ക് | D | 20-29 | 25 മാർക്ക് |
| B | 60-69 | 65 മാർക്ക് | E | 20-ന് താഴെ | 15 മാർക്ക് |
| C+ | 50-59 | 55 മാർക്ക് | | | |

ആകെ ഇംഗ്ലീഷ്-I, ഇംഗ്ലീഷ്-II, ഫിസിക്സ്, കെമസ്ട്രി, മാത്തമാറ്റിക്സ്-I, മാത്തമാറ്റിക്സ്-II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്കും (300-ൽ)അർഹതപ്പെട്ട ഗ്രേസ് മാർക്കും അനുവദിയ്ക്കുന്നു.

6(സി) സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കീമിൽ പാസ്സായവർക്ക് ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ് വിഷയങ്ങൾക്ക് ലഭിച്ച ആകെ മാർക്കിന്റെ (300-ൽ) അടിസ്ഥാനത്തിലാണ് മുൻഗണന ലഭിക്കുന്നത്.

6(ഡി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് നൽകുന്ന സർട്ടിഫിക്കറ്റ് നേടിയവർക്ക് ഇംഗ്ലീഷ് (Code 202), സയൻസ് (തിയറി & പ്രാക്ടിക്കൽ) (Code 212), കണക്ക് (Code 211) എന്നീ വിഷയങ്ങൾക്ക് ഓരോന്നിനും 100 മാർക്കിൽ ലഭിച്ച മാർക്ക് എടുത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. ഇംഗ്ലീഷ് വിഷയത്തിന്റെ മാർക്ക് ലഭ്യമാണെങ്കിൽ ഇംഗ്ലീഷിന്റെ മാർക്കും ആയത് ലഭ്യമല്ലാ എങ്കിൽ പ്രാദേശിക ഭാഷകൾക്ക് ലഭിച്ച കൂടുതൽ മാർക്കും ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

6(ഇ) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് താഴെ പറയും പ്രകാരം ഗ്രേസ്മാർക്ക് നൽകുന്നതാണ്.

| ക്രമ നമ്പർ | വിഭാഗം | അധിക യോഗ്യത | ഗ്രേസ് മാർക്ക് |
|---|---|---|---|
| 1. | നോൺ മെട്രിക് ട്രേഡ് | മെട്രിക്കുലേഷൻ വിജയം | **20** |
| 2. | മെട്രിക് ട്രേഡ് | പ്രീഡിഗ്രി/പ്ലസ്ടു/ വി.എച്ച്.എസ്.സി/ തത്തുല്യയോഗ്യത | **20** |
| 3. | പ്ലസ്ടു/ തത്തുല്യയോഗ്യത | ബി.എ/ബി.എസ്.സി/ ബി.കോം/ തത്തുല്യയോഗ്യത | **10** |
| 4. | എല്ലാ ട്രേഡുകൾക്കും | സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർക്ക് | ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനുള്ള വിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ **10%**, കൂടി ചേർത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. |
| | | സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ രണ്ടാം സ്ഥാനം നേടിയവർക്ക് | ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനുള്ള വിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ **5%**, കൂടി ചേർത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. |

എൻ.സി.സി-യിൽ പരിശീലനത്തിനുശേഷം എ/ബി/സി സർട്ടിഫിക്കറ്റ് നേടിയവർക്ക് ബോണസ് മാർക്കിന് അർഹതയുണ്ട്. (എ-5 മാർക്ക്, ബി-7 മാർക്ക്, സി-10 മാർക്ക്)

## 7. നേറ്റിവിറ്റി/ഡൊമിസൈയിൽ (5 വർഷം) സർട്ടിഫിക്കറ്റ്

കേരളത്തിൽ സ്ഥിരതാമസമുള്ളവർക്ക് മാത്രമേ ഈ സംസ്ഥാനത്തെ ഐ.ടി.ഐ-കളിൽ പ്രവേശനമുള്ളൂ. നിലവിലുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് മലപ്പുറം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നുള്ള അപേക്ഷകർക്കും കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിലെ താഴെ പറയുന്ന ബ്ലോക്കുകളിൽ നിന്നും ഉള്ള അപേക്ഷകർക്കും 10 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്.

(സ.ഉ. (ആർ.ടി) നം. 1548/80/എൽ.ബി.ആർ, തീയതി: 13.11.80, സർക്കാർ കത്ത് നം. 36730/D3/96/LBR, തീയതി:08.04.97, സർക്കാർ കത്ത് നം.28255/C2/2013/LBR, തീയതി: 05.05.2015)

| ക്രമ നമ്പർ | ബ്ലോക്ക് | ജില്ല |
|---|---|---|
| 1. | കണ്ണൂർ | കണ്ണൂർ |
| 2. | തലശ്ശേരി | കണ്ണൂർ |
| 3. | വടകര | കോഴിക്കോട് |
| 4. | കൊയിലാണ്ടി | കോഴിക്കോട് |
| 5. | കോഴിക്കോട് | കോഴിക്കോട് |
| 6. | ഒറ്റപ്പാലം | പാലക്കാട് |
| 7. | മണ്ണാർക്കാട് | പാലക്കാട് |
| 8. | ചാവക്കാട് | തൃശ്ശൂർ |
| 9. | കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 10. | പത്തനംതിട്ട | പത്തനംതിട്ട |

ഇതിനായി ബ്ലോക്കിന്റെ പേര് രേഖപ്പെടുത്തിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

## 8. ആവർത്തന പ്രവേശനം

ഇതിന് മുമ്പ് എപ്പോഴെങ്കിലും വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സർക്കാർ ഐ.ടി.ഐ-യിൽ പഠിച്ചിട്ടുള്ളവർക്ക് വീണ്ടും ഐ.ടി.ഐ പ്രവേശനം നൽകുന്നതല്ല. ഇത്തരത്തിൽ തെറ്റായ രേഖകൾ സമർപ്പിച്ച് പ്രവേശനം നേടുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

## 9. സംവരണം

### 9 (എ) സംവരണക്രമ പ്രകാരം അനുവദിച്ചിട്ടുള്ള സീറ്റുകൾ

ട്രെയിനിംഗ് മാനുവലിന്റെ വ്യവസ്ഥ പ്രകാരവും, സർക്കാർ ഉത്തരവ് (എം.എസ്) നം. 46/77/എൽ.ബി.ആർ, തീയതി: 28.06.77 എന്ന ഉത്തരവുപ്രകാരവും നിശ്ചിത സീറ്റുകൾ താഴെപ്പറയുന്നവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| 1. പട്ടികജാതി | 8% |
| 2. പട്ടികവർഗ്ഗം | 2% |
| 3. ഈഴവർ | 9% |
| 4. മുസ്ലീം | 8% |
| 5. മറ്റ് പിന്നോക്ക ഹിന്ദുക്കൾ | 5% |
| 6. ലത്തീൻ കത്തോലിക്കർ | 2% |

7. മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ (മതപരിവർത്തനം ചെയ്ത പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ടവർ, എസ്.ഐ.യു.സി നാടാർ) - 1%
[സ.ഉ. (എം.എസ്) നം. 118/95/എൽ.ബി.ആർ, തീയതി: 27.11.95]

8. ജവാൻ കാറ്റഗറി - ആകെ 15% താഴെ പറയുന്ന ക്രമ പ്രകാരം
   (എ) മരണപ്പെട്ട/അംഗഭംഗം സംഭവിച്ച, സമാധാനകാലത്ത് കൊല്ലപ്പെട്ട/അംഗഭംഗം സംഭവിച്ച ഭടൻമാരുടെ/വിമുക്തഭടൻമാരുടെ സന്താനങ്ങൾ
   (ബി) വിമുക്തഭടൻമാരുടെ സന്താനങ്ങൾ
   (സി) സേവനത്തിലുള്ള ജവാന്മാരുടെ സന്താനങ്ങൾ
   (ഡി) സേവനത്തിലുള്ള ആഫീസർമാരുടെ സന്താനങ്ങൾ
   (ഇ) വിമുക്ത ഭടൻമാർ

[സ.ഉ. (എം.എസ്) നം. 46/77/എൽ.ബി.ആർ, തീയതി: 28.06.77]

### 9 (ബി) സംവരണക്രമത്തിനുപരിയായി അനുവദിച്ചിട്ടുള്ള സീറ്റുകൾ

(i) ബർമ്മ/ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്ന് 01.06.1963-ലോ അതിന് ശേഷമോ പുറത്താക്കപ്പെട്ടവർ/അവരുടെ സന്താനങ്ങൾ/ഉഗാണ്ടയിൽ നിന്ന് പുറത്താക്കപ്പെട്ടവർ/അവരുടെ സന്താനങ്ങൾ - പരമാവധി 5 സീറ്റ് (ഓരോ ഐ.ടി.ഐ-യിലും)

(ii) പ്രസിഡന്റിന്റെ ബാഡ്ജ് ലഭിച്ചിട്ടുള്ള സ്കൗട്ടുകൾ/ഗൈഡുകൾ - 1 സീറ്റ് (ഓരോ ഐ.ടി.ഐ-യിലും)

(iii) അംഗീകൃത അനാഥാലയത്തിലെ അന്തേവാസികൾ - 5 സീറ്റ് (ഓരോ ഐ.ടി.ഐ-യിലും)

(iv). ടെക്നിക്കൽ ഹൈസ്ക്കൂളിൽ പഠിച്ചവർ - മെട്രിക്, നോൺ മെട്രിക് ട്രേഡുകളിലേക്ക് പരമാവധി അനുവദിച്ച സീറ്റിന്റെ 25% / 15 സീറ്റ് വീതം (പരമാവധി 15 സീറ്റ്)

(v). വികലാംഗർ - 3% 1:1:1 എന്ന അനുപാതത്തിൽ (അന്ധർ/ബധിരർ, അംഗവൈകല്യമുള്ളവർ) (സ.ഉ. (ആർ.ടി) നം. 2531/04/LBR, തീയതി: 24.09.04)

(vi) സ്പോർട്ട്സിൽ പ്രാവീണ്യം നേടിയിട്ടുള്ളവർ (ഈ വിഭാഗത്തെ സ്പോർട്സ് കൗൺസിൽ നോമിനേറ്റ് ചെയ്യുന്നതാണ്) - 5 സീറ്റ് (സ.ഉ. (എം.എസ്) നം. 46/77/എൽ.ബി.ആർ, തീയതി: 28.6.77)

(സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ അപേക്ഷയുടെ വലതുഭാഗത്തു മുകളിൽ 'സ്പോർട്സ് ക്വാട്ട' എന്നു രേഖപ്പെടുത്തി അതാത് ഐ.ടി.ഐ-കളിൽ അപേക്ഷ സമർപ്പിക്കേണ്ടതും ഒപ്പം ആയതിന്റെ രണ്ടു പകർപ്പുകൾ ആവശ്യമായ രേഖകൾ സഹിതം സ്പോർട്സ് കൗൺസിലിനു അയച്ചു കൊടുക്കേണ്ടതുമാണ്).

***100% റോസ്റ്റർ സാധ്യമല്ലാത്ത ഐ.ടി.ഐ-കളിൽ (അതായത് ആകെ സീറ്റ് 100-ൽ താഴെ മാത്രമുള്ള ഐ.ടി.ഐ-കളിൽ) അനാഥാലയത്തിലെ അന്തേവാസികൾ, ടെക്നിക്കൽ ഹൈസ്ക്കൂളിൽ പഠിച്ചവർ, വികലാംഗർ, സ്പോർട്സിൽ പ്രാവീണ്യം നേടിയവർ എന്നീ വിഭാഗങ്ങളിൽ ഉള്ളവർക്ക് ഓരോ സീറ്റു മാത്രം സംവരണം ചെയ്തിരിക്കുന്നു.***

(vii) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജുവനൈൽ ജസ്റ്റിസ് ഹോമിലേയും, ആഫ്റ്റർ കെയർ ഹോമിലേയും യോഗ്യരായ അന്തേവാസികൾക്ക് സംസ്ഥാനത്തെ ഐ.ടി.ഐകളിൽ പ്രവേശനത്തിന് ഓരോ ട്രേഡിലും 2 സീറ്റ് സംവരണം ചെയ്തിരിക്കുന്നു. (സ.ഉ. (സാധാ.) നം. 1519/2009/തൊഴിൽ, തീയതി: 29.09.2009)

(viii) ആംഗ്ലോ ഇന്ത്യൻ - ഒരു സീറ്റ് (ഓരോ ഐ.ടി.ഐ-യിലും) (സ.ഉ (എം.എസ്) നം. 118/95/തൊഴിൽ, തീയതി: 27.11.1995)

(ix) ലക്ഷദ്വീപ്, മിനിക്കോയി, ആൻഡമാൻ ദ്വീപ് വാസികൾക്ക് - കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ഐ.ടി.ഐകളിൽ 5 സീറ്റു വീതം

(x) മാഹി നിവാസികൾക്ക് കണ്ണൂർ ഐ.ടി.ഐയിൽ 5 സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

(xi) ഓരോ ഐ.ടി.ഐ-യിലേയും എല്ലാ ട്രേഡുകളിലേയും 30% സീറ്റ് സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. (ഡി.ജി.ഇ.റ്റി-19(27)/2007-സി.ഡി, തീയതി: 02.06.08) ഇതിൽ മുകളിൽ ചേർത്തിട്ടുള്ള സംവരണ വിഭാഗങ്ങളിൽപ്പെട്ടവരും അടങ്ങുന്നതാണ്. പെൺകുട്ടികളിൽ നിന്നും മതിയായ എണ്ണം അപേക്ഷകരില്ലാത്തപക്ഷം ആൺകുട്ടികളുടെ അപേക്ഷ പരിഗണിക്കുന്നതാണ്.

<u>9 (സി)</u>: ആര്യനാട്, അട്ടപ്പാടി, നിലമ്പൂർ എന്നീ ഐ.ടി.ഐകളിൽ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി താഴെപ്പറയും പ്രകാരം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

| ഐ.ടി.ഐയുടെ പേര് | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| ഗവ. ഐ.ടി.ഐ ആര്യനാട് | 51% | 25% |
| ഗവ. ഐ.ടി.ഐ അട്ടപ്പാടി | 10% | 60% |
| ഗവ. ഐ.ടി.ഐ നിലമ്പൂർ | 40% | 40% |

## 10. ആനുകൂല്യങ്ങൾ

ഹോസ്റ്റൽ സൗകര്യമുള്ള ഐ.ടി.ഐ-കളിൽ പ്രവേശനം ലഭിച്ചവരിൽ ദൂരപരിധി കണക്കാക്കി നിശ്ചിത ശതമാനം പരിശീലനാർത്ഥികൾക്ക് താമസ സൗകര്യം നൽകുന്നതാണ്. ഓരോ ഐ.ടി.ഐ-യിലേയും sanctioned strength-ന്റെ **50%** പരിശീലനാർത്ഥികൾക്ക് പ്രതിമാസം **120/-** രൂപ വീതം സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. രക്ഷകർത്താവിന്റെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റൈപ്പന്റിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. പരിശീലനാർത്ഥി മാതാപിതാക്കളുടെയോ നിയമാനുസൃതമുള്ള രക്ഷകർത്താവിന്റെയോ വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളെകൊണ്ട് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രിൻസിപ്പാളിന് അദ്ദേഹം അറിയിക്കുന്ന തീയതിക്ക് നൽകേണ്ടതാണ്. അർഹരായുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബന്ധപ്പെട്ട വെൽഫയർ ഡിപ്പാർട്ടുമെന്റിൽ നിന്നും സ്റ്റൈപ്പന്റ് നൽകുന്നതാണ്. "***<u>ഒരു ട്രെയിനിക്ക് ഒരു ട്രെയിനിംഗ് കാലയളവിൽ ഒരു ഇനം സ്റ്റൈപ്പന്റിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ</u>***".

ട്രെയിനികളുടെ സ്റ്റൈപ്പന്റ് ഉൾപ്പടെയുള്ള എല്ലാ ആനുകൂല്യങ്ങളും 2017 അദ്ധ്യയന വർഷം മുതൽ ദേശസാൽകൃത ബാങ്ക് മുഖേന മാത്രമായിരിക്കും വിതരണം ചെയ്യുന്നത്. ആയതിനാൽ പ്രവേശനം ലഭിയ്ക്കുന്ന എല്ലാ പരിശീല നാർത്ഥികളും പ്രവേശനം ലഭിച്ച് ഒരു മാസത്തിനകം അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ട താണ്.

## 11. നിർബന്ധിത ഹാജർ ശതമാനം

(എ) പരീക്ഷയ്ക്ക് ചേരുന്നതിന് പരിശീലനാർത്ഥിയ്ക്ക് ഏറ്റവും കുറഞ്ഞത് 80% ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം.

(ബി) പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ 10 പരിശീലന ദിവസങ്ങൾ തുടർച്ചയായി ഹാജരാകാതിരുന്നാൽ അവരെ നിർബന്ധമായും പരിശീലന പദ്ധതിയിൽ നിന്നും പുറത്താക്കുന്നതും ഹാജരാകാതിരുന്ന ആദ്യ ദിവസത്തെ തീയതി മുതൽ മുൻകാല പ്രാബ്യല്യത്തോടുകൂടി അവരുടെ പേര് രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നതുമാണ്.

(സി) പരിശീലനാർത്ഥി പകുതിയിൽ കൂടുതൽ പ്രവർത്തി ദിവസങ്ങളിൽ പരിശീലനത്തിന് ഹാജരാകാതിരുന്നാൽ, അതായത് ഹാജർ 50 ശതമാനത്തിൽ കുറവായാൽ അവരെ മുന്നറിയിപ്പ് കൂടാതെ പിരിച്ചു വിടുന്നതാണ്. അങ്ങനെ പിരിച്ചുവിടപ്പെട്ട പരിശീലനാർത്ഥിയ്ക്ക് ഏതെങ്കിലും മാർഗ്ഗത്തിൽ പുനഃപ്രവേശനം ലഭിച്ചാലും പിന്നീടവർക്ക് സ്റ്റൈപ്പന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല.

## 12. സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ്

എസ്.സി.വി.റ്റി കോഴ്സുകൾ, സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന കോഴ്സുകൾ ആണ്. സർക്കാർ ഐടിഐ-കളിലെ എസ്.സിവിറ്റി ട്രേഡുകളിൽ/ യൂണിറ്റുകളിൽ 80%-ത്തിൽ കുറയാതെ നിർബന്ധിത ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കിയവർക്ക്, എസ്.സി.വി.റ്റി നടത്തുന്ന പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. ടി പരീക്ഷ വിജയിക്കുന്നവർക്ക് എസ്.സി.വി.റ്റി-യുടെ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## 13. ഫീസ്

പ്രവേശന സമയത്ത് ഓരോ പരിശീലനാർത്ഥിയും താഴെ പറയുന്ന ഇനത്തിലുള്ള തുകകൾ അടയ്ക്കേണ്ടതാണ്. (G.O.(Ms)No. 54/2014/LBR, Dated:- 27.05.2014)

| ഇനം | രണ്ട് വർഷ കോഴ്സിന് | ഒരുവർഷ കോഴ്സിന് |
|---|---|---|
| 1. കോഷൻ ഡെപ്പോസിറ്റ് | 100 രൂപ | 100 രൂപ |
| 2. ജാമ്യനിക്ഷേപം | 150 രൂപ | 100 രൂപ |
| 3. മെയിന്റനൻസ് ഫീസ് | 500 രൂപ | 400 രൂപ |
| 4. സ്പോർട്സ് ഫീസ് | 100 രൂപ | 50 രൂപ |
| 5. മാഗസീൻ ഫീസ് | 100 രൂപ | 50 രൂപ |
| 6. കൗൺസിൽ ഫീസ് | 100 രൂപ | 50 രൂപ |
| 7. അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് | 100 രൂപ | 100 രൂപ |
| ആകെ | **1150 രൂപ** | **850 രൂപ** |

ഇതിനു പുറമെ കേന്ദ്ര/സംസ്ഥാന സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസും അടയ്ക്കാൻ പരിശീലനാർത്ഥി ബാദ്ധ്യസ്ഥരാണ്.

പരിശീലന സമയത്ത് സ്ഥാപനത്തിലെ പഠനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്തിയാൽ പരിശീലനാർത്ഥിയുടെ കോഷൻ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുന്നതാണ്. ആദ്യത്തെ ഡെപ്പോസിറ്റ് പോരാതെ വന്നാൽ വീണ്ടും ഡെപ്പോസിറ്റ് അടയ്ക്കാൻ പരിശീലനാർത്ഥി ബാദ്ധ്യസ്ഥനാണ്. തൃപ്തികരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കും, പ്രവേശനം ലഭിച്ച് ഒരു മാസത്തിനകം പിരിഞ്ഞു പോകുന്നവർക്കും കോഷൻ ഡെപ്പോസിറ്റ്, ജാമ്യനിക്ഷേപം എന്നിവയിൽ നിന്നും സർക്കാരിന് നൽകേണ്ടതായി ഏതെങ്കിലും ബാദ്ധ്യത തുകയുണ്ടെങ്കിൽ അതു കിഴിച്ച് ബാക്കി തുക തിരികെ നൽകുന്നതാണ്. പരിശീലനം പൂർത്തിയാക്കി മൂന്ന് വർഷത്തിനകം തിരികെ വാങ്ങാത്ത തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്.

***എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗം പരിശീലനാർത്ഥികൾ മെയിന്റനൻസ് ഫീസ് അടയ്ക്കേണ്ടതില്ല.***

## 14. അപേക്ഷ സമർപ്പിക്കേണ്ട രീതി

### എ) തിരുവനന്തപുരം ജില്ല

തിരുവനന്തപുരം ജില്ലയിലെ ചാക്ക, ധനുവച്ചപുരം, ആറ്റിങ്ങൽ, കഴക്കൂട്ടം(വ), ആര്യനാട് , മലയിൻകീഴ്, പാറശ്ശാല(വ) എന്നീ ഐ.ടി.ഐ കളിലെ അഡ്മിഷനു വേണ്ടി അപേക്ഷകൾ ഓൺ -ലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. ഓൺ-ലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പ് വെബ്സൈറ്റിലെ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ലിങ്കിൽ ലഭ്യമാണ്. ഈ പ്രോസ്പെക്ടസിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ നിബന്ധനകളും ഓൺ-ലൈൻ മുഖാന്തിരമുള്ള അഡ്മിഷനും ബാധകമാണ്.

### ബി) തിരുവനന്തപുരം ഒഴികെയുള്ള മറ്റു ജില്ലകൾ

അപേക്ഷകൻ ചേരാനുദ്ദേശിക്കുന്ന ട്രേഡിന് ആവശ്യമായ അപേക്ഷാ ഫാറം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രോസ്പെക്ടസിൽ നിന്നും മനസ്സിലാക്കി പ്രസ്തുത അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് പൂരിപ്പിച്ച് പരിശീലനം ആഗ്രഹിക്കുന്ന ഐ.റ്റി.ഐ-യിലെ പ്രിൻസിപ്പാളിന് നിശ്ചിത ദിവസത്തിനകം അപേക്ഷാഫീസായ 50/- രൂപ (ജി.ഒ.(എം.എസ്.) നമ്പർ 131/2014/എൽ.ബി.ആർ. തീയതി 25/10/2014) ആവശ്യമായ രേഖകൾ എന്നിവ സഹിതം നൽകേണ്ടതാണ്. ഓരോ ഐ.ടി.ഐ-കളിലും പ്രവേശനം നടത്തുന്ന ട്രേഡുകളുടെ വിവരം വെബ്സൈറ്റിൽ പ്രോസ്പെക്ടസിനോടാപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരാൾക്ക് ഒന്നിൽ കൂടുതൽ ഐ.റ്റി.ഐ-കളിൽ, വിവിധ

ട്രേഡുകളിലേയ്ക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. മെട്രിക് ട്രേഡിനും, നോൺ മെട്രിക് ട്രേഡിനും, പ്രത്യേകം അപേക്ഷാ ഫോറങ്ങൾ ഉപയോഗിക്കണം.

സി) **അപേക്ഷാ ഫീസ്**

1. അപേക്ഷയോടൊപ്പം 50/- രൂപ **"0230 - 00 - L&E - 800 Other Receipts - 88 Other Items"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച അസൽ ചെലാൻ സഹിതം സമർപ്പിക്കേണ്ടതാണ്.

***അല്ലെങ്കിൽ***

2. പ്രിൻസിപ്പാളിന്റെ പേരിൽ എടുത്ത 50/- രൂപയുടെ പോസ്റ്റൽ ഓർഡർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

***അല്ലെങ്കിൽ***

3. അപേക്ഷയോടൊപ്പം ഐ.റ്റി.ഐ-യിൽ നേരിട്ടും അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്.

**അപേക്ഷകരുടെ സൗകര്യാർത്ഥം എല്ലാ ഐ.ടി.ഐ-കളിലും ഹെൽപ്പ് ഡെസ്ക് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാവുന്നതാണ്.**

## 15. നിബന്ധന

(എ) തെരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാപനത്തിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതും തികച്ചും അച്ചടക്കം പാലിക്കേണ്ടതും പരിശീലനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്താതെ സൂക്ഷിക്കേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കുന്നതിന് മുൻപ് പിരിഞ്ഞു പോകാൻ പാടില്ലാത്തതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ബാദ്ധ്യസ്ഥരുമാണ്. അച്ചടക്കലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ പിരിച്ചു വിടുന്നതിനും ഉപകരണങ്ങൾക്ക് നഷ്ടം വരുത്തിയാൽ ആയതിന്റെ വില ഈടാക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

(ബി) പ്രവേശനം നേടുന്ന ട്രെയിനികൾക്ക് യൂണിഫോം, വർക്കിംഗ് ഡ്രസ്സ് എന്നിവ നിർബന്ധമാണ്.

## 16. അപേക്ഷസമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരങ്ങൾ

1. അപേക്ഷകൾ അയയ്ക്കുന്ന കവറിന്റെ പുറത്ത് "ഐ.ടി.ഐ പ്രവേശനത്തിനുള്ള മെട്രിക് ട്രേഡ്/നോൺ മെട്രിക് ട്രേഡ് അപേക്ഷ" എന്നും, **"പ്രോസ്പെക്ടസ് നമ്പരും"** വ്യക്തമായി എഴുതിയിരിക്കണം.
2. അപേക്ഷ ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള എസ്.എസ്.എൽ.സി/ തത്തുല്യയോഗ്യത സർട്ടിഫിക്കറ്റ്, പ്ലസ്ടു/തത്തുല്യയോഗ്യത സർട്ടിഫിക്കറ്റ്,

ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി (ഡൊമിസയിൽ) സർട്ടിഫിക്കറ്റ് ഇവയുടെ ശരിപകർപ്പുകളും അപേക്ഷാ ഫീസ് അടച്ച വിവരങ്ങളും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യാത്തപക്ഷം അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

3. ഗ്രേസ് മാർക്കിനായുള്ള അധിക യോഗ്യതയായ ബി.എ/ബി.എസ്.സി/ ബി.കോം/തത്തുല്യയോഗ്യത, പ്ലസ്ടു/തത്തുല്യയോഗ്യത, സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ ലഭിച്ച സർട്ടിഫിക്കറ്റ്, എൻ.സി.സി സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ ശരിപകർപ്പുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യാത്തപക്ഷം അർഹമായ ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല.

4. നോൺ മെട്രിക് ട്രേഡിന് അപേക്ഷിക്കുന്നവർ അപേക്ഷയിൽ, ഏറ്റവും ഒടുവിൽ എസ്.എസ്.എൽ.സി/തത്തുല്യയോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്ക്/ഗ്രേഡ് ചേർക്കേണ്ടതാണ്.

5. ഓരോ ഐ.ടി.ഐ-യിലേയ്ക്കും പ്രവേശനം പ്രത്യേകം പ്രത്യേകമായാണ് നടത്തുന്നത്. ആയതിനാൽ ഒരാൾക്ക് ഒന്നിൽ കൂടുതൽ ഐ.ടി.ഐ-കളിൽ പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്.

6. അപേക്ഷകന്റെയും, രക്ഷകർത്താവിന്റെയും ഒപ്പില്ലാത്ത അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

7. അപേക്ഷ പൂരിപ്പിക്കുമ്പോഴുണ്ടാകുന്ന വെട്ടി തിരുത്തലുകൾ അപേക്ഷകൻ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

8. പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പ്രവേശന സമയത്ത് അവസാനം പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള റ്റി.സി. ഹാജരാക്കേണ്ടതാണ്.

9. നിശ്ചിത പ്രായപരിധി കഴിഞ്ഞ് എസ്.എസ്.എൽ.സി പരീക്ഷ ജയിച്ച പോളിയോ ഹോമിലെ അപേക്ഷകരെ പ്രവേശന സമയത്ത് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

10. സംവരണ വിഭാഗത്തിൽപ്പെടുന്നവർ ആയതിലേയ്ക്കുള്ള അസ്സൽ സർട്ടിഫിക്കറ്റ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

11. ഓരോ ഐ.ടി.ഐ-കളിലും പ്രവേശനം നൽകുന്ന ട്രേഡുകൾ/യൂണിറ്റുകൾ, അഫിലിയേഷൻ എന്നിവ സംബന്ധിച്ച പൂർണ്ണ വിവരം അതാത് പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാവുന്നതാണ്.

സെക്രട്ടറി, എസ്.സി.വി.റ്റി

## അനുബന്ധം – 1 (SCVT/ 02/2017)

## ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ-കളിൽ 2017 ആഗസ്റ്റ് സെഷനിൽ പ്രവേശനം നടത്തുന്ന എസ്സ്.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകളുടെ വിവരം

| ക്രമ നമ്പർ | ട്രേഡിന്റെ പേര് | കോഴ്സിന്റെ കാലാവധി | നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| എ. നോൺ മെട്രിക് ട്രേഡുകൾ (എഞ്ചിനീയറിങ്) | | | |
| 1 | അപ്ഹോൾസ്റ്ററർ | 1 വർഷം (2 സെമസ്റ്റർ) | എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത തോറ്റവർക്കും, ജയിച്ചവർക്കും/10+2 സിസ്റ്റത്തിൽ പത്ത് തോറ്റവർക്കും, ജയിച്ചവർക്കും |
| 2 | വെൽഡർ (പഴയ പേര് വെൽഡർ Gas & Electric) | ” | ” |
| 3 | വെൽഡർ (GMAW & GTAW) | ” | ” |
| 4 | വെൽഡർ (Structural) | ” | ” |
| 5 | വെൽഡർ (Welding & Inspection) | ” | ” |
| 7 | ജനറൽ കാർപ്പെന്റർ | ” | ” |
| 8 | ഷീറ്റ് മെറ്റൽ വർക്കർ | ” | ” |
| ബി. മെട്രിക് ട്രേഡുകൾ (എഞ്ചിനീയറിങ്) | | | |
| 9 | മെക്കാനിക് ലെൻസ്/പ്രിസം ഗ്രൈന്റിംഗ് | 1 വർഷം (2 സെമസ്റ്റർ) | സയൻസും, കണക്കും ഉൾപ്പെടുന്ന 10-ാം ക്ലാസ് വിജയിച്ചവർക്കും തത്തുല്യ യോഗ്യത ഉള്ളവർക്കും |
| 10 | മെക്കാനിക്ക് ഓട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് | ” | ” |
| 11 | മെക്കാനിക്ക് ഡീസൽ | ” | ” |
| 12 | കമ്പ്യൂട്ടർ ഹാർഡ്വെയർ & നെറ്റ്വർക്ക് മെയിന്റനൻസ് | ” | ” |
| 13 | പമ്പ് ഓപ്പറേറ്റർ കം മെക്കാനിക് | ” | ” |
| 14 | ഇലക്ട്രീഷ്യൻ | 2 വർഷം (4 സെമസ്റ്റർ) | ” |
| 15 | മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | ” | ” |
| 16 | ലിഫ്റ്റ് & എസ്കലേറ്റർ മെക്കാനിക് | ” | ” |
| 17 | ഫിറ്റർ | ” | ” |
| 18 | ഓപ്പറേറ്റർ അഡ്വാൻസ് മെഷീൻ ടൂൾസ് | ” | ” |
| 19 | ഇൻസ്ട്രുമെന്റ് മെക്കാനിക് | ” | ” |
| 20 | ഇൻഫർമേഷൻ & കമ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ് [പഴയ പേര് - ഐ.ടി & ഇ.എസ്.എം] | ” | ” |
| 21 | മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷീനറി | ” | ” |
| 22 | മെക്കാനിക്ക് മെക്കാട്രോണിക്സ് | ” | ” |
| 23 | മെയിന്റനൻസ് മെക്കാനിക് (കെമിക്കൽ പ്ലാന്റ്) | ” | ” |
| 24 | അറ്റൻഡന്റ് ഓപ്പറേറ്റർ (കെമിക്കൽ പ്ലാന്റ്) | ” | ” |
| 25 | ഇൻസ്ട്രുമെന്റ് മെക്കാനിക് (കെമിക്കൽ പ്ലാന്റ്) | ” | ” |
| 26 | ലബോറട്ടറി അസിസ്റ്റന്റ് (കെമിക്കൽ പ്ലാന്റ്) | ” | ” |
| 27 | ഇൻഫർമേഷൻ ടെക്നോളജി | ” | ” |

| | | | |
|---|---|---|---|
| 28 | സർവ്വേയർ | 1 വർഷം (2 സെമസ്റ്റർ) | എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത ഉള്ളവർക്കും, 10+2 സിസ്റ്റത്തിൽ പത്ത് ജയിച്ചവർക്കും |
| 29 | പ്ലംബർ | ” | ” |
| 30 | ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 2 വർഷം (4 സെമസ്റ്റർ) | ” |
| 31 | മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ് | ” | ” |
| 32 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | ” | ” |
| 33 | റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് | ” | ” |
| 34 | ഇലക്ട്രോണിക്സ് മെക്കാനിക് | ” | ” |
| 35 | ഇന്റീരിയർ ഡിസൈൻ & ഡെക്കറേഷൻ | 1 വർഷം (2 സെമസ്റ്റർ) | സയൻസിനും, കണക്കിനും പ്രത്യേകം 40% മാർക്കോടു കൂടി എസ്.എസ്.എൽ.സി ജയിച്ചവർക്കും, തത്തുല്യ യോഗ്യത ഉള്ളവർക്കും |
| 36 | ആർക്കിടെക്ചറൽ അസിസ്റ്റന്റ് | ” | ” |
| 37 | മെക്കാനിക്ക് മെഡിക്കൽ ഇലക്ട്രോണിക്സ് | 2 വർഷം (4 സെമസ്റ്റർ | ഫിസിക്സും, കെമസ്ട്രിയും, കണക്കും ഉൾപ്പെടുന്ന പത്താം ക്ലാസ് വിജയിച്ചവർക്കും, തത്തുല്യ യോഗ്യത ഉള്ളവർക്കും |
| | **സി. മെട്രിക് ട്രേഡുകൾ (നോൺ എഞ്ചിനീയറിംഗ്)** | | |
| 38 | ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ് അസിസ്റ്റന്റ് (പഴയ പേര് - സ്റ്റിവാർഡ്) | 1 വർഷം (2 സെമസ്റ്റർ) | 10+2 സിസ്റ്റത്തിൽ പത്ത് ജയിച്ച വർക്കും എസ്.എസ്.എൽ.സി / തത്തുല്യ യോഗ്യത ഉള്ളവർക്കും |
| 39 | ഫുഡ് പ്രൊഡക്ഷൻ (ജനറൽ) | ” | ” |
| 40 | ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് | ” | ” |
| 41 | ഡിജിറ്റൽ ഫോട്ടോഗ്രാഫർ | ” | ” |
| 42 | ഫാഷൻ ഡിസൈൻ & ടെക്നോളജി | ” | ” |
| 43 | ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് | ” | ” |
| 44 | കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | ” | ” |
| 45 | ഡസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ | ” | ” |
| 46 | ബേക്കർ & കൺഫക്ഷണർ | ” | ” |
| 47 | സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) | ” | ” |
| 48 | സ്റ്റെനോഗ്രാഫർ ആന്റ് സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) [പഴയ പേര് - സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്)] | ” | ” |
| 49 | കാറ്ററിംഗ് & ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് | ” | ” |
| 50 | മൾട്ടിമീഡിയ ആനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ് | ” | ” |
| 51 | ഫുഡ് & ബിവറേജസ് സർവ്വീസ് അസിസ്റ്റന്റ് | ” | ” |
| 52 | അഗ്രോ പ്രോസസ്സിംഗ് | ” | സയൻസും, കണക്കും ഉൾപ്പെടുന്ന 10-ാം ക്ലാസ് വിജയിച്ചവർക്കും തത്തുല്യ യോഗ്യത ഉള്ളവർക്കും |
| 53 | ഫുഡ് ബിവറേജസ് | ” | ” |
| 54 | മിൽക്ക് & മിൽക്ക് പ്രൊഡക്റ്റ്സ് | ” | ” |
| 55 | ഫ്രൂട്ട്സ് & വെജിറ്റബിൾ പ്രോസസിംഗ് | ” | ” |
| 56 | സ്റ്റെനോഗ്രാഫർ ആന്റ് സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഹിന്ദി) [പഴയ പേര് - സ്റ്റെനോഗ്രാഫി (ഹിന്ദി)] | ” | 10-ാം ക്ലാസ്സ് വിജയിച്ചവർക്കും, തത്തുല്യ യോഗ്യത ഉള്ളവർക്കും |

| ഡി. പ്ലസ്ടു ട്രേഡുകൾ (നോൺ എഞ്ചിനീയറിംഗ്) | | | |
|---|---|---|---|
| 57 | ഡാറ്റാബേസ് സിസ്റ്റം അസിസ്റ്റന്റ് | 1 വർഷം (2 സെമസ്റ്റർ) | സയൻസും കണക്കും ഉൾപ്പെടുന്ന +2 ജയിച്ചവർക്കും തത്തുല്യ യോഗ്യത ഉള്ളവർക്കും. |
| 58 | സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് അസിസ്റ്റന്റ് | ,, | ,, |

- *ക്രമനമ്പർ 1 മുതൽ 8 വരെയുള്ള ട്രേഡുകൾക്ക് നോൺ മെട്രിക് ട്രേഡിനുള്ള അപേക്ഷാഫാറം ഉപയോഗിക്കണം.*

- *ക്രമ നമ്പർ 9 മുതൽ 56 വരെയുള്ള ട്രേഡുകൾക്ക് മെട്രിക് ട്രേഡിനുള്ള അപേക്ഷാഫാറം ഉപയോഗിക്കണം.*

- *ക്രമ നമ്പർ 57 മുതൽ 58 വരെയുള്ള ട്രേഡുകൾക്ക് നിർദിഷ്ട അപേക്ഷാഫാറം ഉപയോഗിക്കണം.*

- ***ട്രേഡ്, പരിശീലന കാലയളവ്, പ്രവേശന യോഗ്യത എന്നിവയ്ക്ക് ഡി.ജി.റ്റി പുറപ്പെടുവിക്കുന്ന നിബന്ധനകൾക്ക് വിധേയമായി മാറ്റം വരാവുന്നതാണ്.***

**സെക്രട്ടറി, എസ്.സി.വി.റ്റി**

## അനുബന്ധം – 2 (SCVT/02/2017)

### സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ-കളിൽ 2017 ആഗസ്റ്റ് സെഷനിൽ പ്രവേശനം നൽകുന്ന എസ്സ്.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകളും, യൂണിറ്റുകളും

| ക്രമ നമ്പർ | ഐ.ടി.ഐകളുടെ പേരും, ജില്ലയും | ട്രേഡുകൾ | പ്രവേശനം നൽകുന്ന യൂണിറ്റുകൾ |
|---|---|---|---|
| 1. | ഗവൺമെന്റ് ഐ.ടി.ഐ ധനുവച്ചപുരം, തിരുവനന്തപുരം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ് | 2 |
| | | 2. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| | | 3. ഓപ്പറേറ്റർ അഡ്വാൻസ്ഡ് മെഷീൻ ടൂൾസ് | 1 |
| | | 4. സർവേയർ | 2 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ (GMAW & GTAW) | 2 |
| 2. | നൈനാർ പിളള മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ ആര്യനാട്, തിരുവനന്തപുരം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക്ക് ഡീസൽ | 2 |
| | | 2. ഇലക്ട്രോണിക്സ് മെക്കാനിക്ക് | 1 |
| | | 3. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 2 |
| | | 4. ഇലക്ട്രീഷ്യൻ | 2 |
| | | 5. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| | | 6. ഫിറ്റർ | 1 |
| 3. | ഗവൺമെന്റ് ഐ.ടി.ഐ ആറ്റിങ്ങൽ, തിരുവനന്തപുരം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. സർവ്വേയർ | 1 |
| | | 2. മെക്കാനിക്ക് ഡീസൽ | 2 |
| | | 3. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 1 |
| | | 4. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 1 |
| | | 5. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് (SCP) | 1 |
| | | 6. മെക്കാനിക് മോട്ടോർ വെഹിക്കിൾ (LWF) | 1 |
| | | 7. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| 4. | ഗവൺമെന്റ് ഐ.ടി.ഐ ചാക്ക, തിരുവനന്തപുരം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ് | 2 |
| | | 2. പമ്പ് ഓപ്പറേറ്റർ കം മെക്കാനിക് | 2 |
| | | 3. മെക്കാനിക് മെഡിക്കൽ ഇലക്ട്രോണിക്സ് | 1 |
| | | 4. മെക്കാനിക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 2 |
| | | 5. മെക്കാനിക് ഡീസൽ | 2 |
| | | 6. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |

| | | | |
|---|---|---|---|
| 5. | ഗവൺമെന്റ് ഐ.ടി.ഐ (വനിത) കഴക്കൂട്ടം, തിരുവനന്തപുരം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് | 2 |
| | | 2. ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് | 1 |
| | | 3. ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് | 2 |
| | | 4. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 1 |
| | | 5. സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) | 1 |
| | | 6. സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഹിന്ദി) | 1 |
| 6. | ഗവൺമെന്റ് ഐ.ടി.ഐ മലയിൻകീഴ്, തിരുവനന്തപുരം | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 7. | ഗവൺമെന്റ് ഐ.ടി.ഐ (വനിത) പാറശ്ശാല, തിരുവനന്തപുരം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| 8. | ഗവൺമെന്റ് ഐ.ടി.ഐ ചാത്തന്നൂർ, കൊല്ലം. | **മെട്രിക് ട്രേഡ്** | |
| | | 1. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| 9. | ഗവൺമെന്റ് ഐ.ടി.ഐ (വനിത) കൊല്ലം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഇന്റീരിയർ ഡിസൈൻ & ഡെക്കറേഷൻ | 2 |
| | | 2. ഫാഷൻ ഡിസൈൻ & ടെക്നോളജി | 2 |
| | | 3. അഗ്രോ പ്രോസസ്സിംഗ് | 2 |
| | | 4. ബേക്കർ & കൺഫക്ഷണർ | 2 |
| | | 5. മിൽക്ക് & മിൽക്ക് പ്രൊഡക്റ്റ്സ് | 2 |
| | | 6. ഫുഡ് ബിവറേജസ് | 2 |
| | | 7. ഫ്രൂട്ട്സ് & വെജിറ്റബിൾ പ്രോസസ്സിംഗ് | 2 |
| | | 8. ഫുഡ് പ്രൊഡക്ഷൻ ജനറൽ | 2 |
| | | 9. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ് | 1 |
| | | 10. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| | | 11. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 1 |
| 10. | ഗവൺമെന്റ് ഐ.ടി.ഐ തേവലക്കര, കൊല്ലം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. സർവ്വേയർ | 2 |
| | | 2. പ്ലംബർ | 2 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 11. | ഗവൺമെന്റ് ഐ.ടി.ഐ. ചന്ദനത്തോപ്പ്, കൊല്ലം. | **മെട്രിക് ട്രേഡ്** | |
| | | 1. ലിഫ്റ്റ് & എസ്കലേറ്റർ മെക്കാനിക് | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. ഷീറ്റ് മെറ്റൽ വർക്കർ | 1 |

| | | | |
|---|---|---|---|
| 12. | ഗവൺമെന്റ് ബി.റ്റി.സി ചന്ദനത്തോപ്പ്, കൊല്ലം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഫുഡ് & ബിവറേജസ് സർവ്വീസ് അസിസ്റ്റന്റ് | 1 |
| | | 2. ഫുഡ് പ്രൊഡക്ഷൻ (ജനറൽ) | 3 |
| | | 3. ബേക്കർ & കൺഫക്ഷണർ | 2 |
| | | 4. കാറ്ററിംഗ് & ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് | 2 |
| | | 5. അറ്റൻഡന്റ് ഓപ്പറേറ്റർ (കെമിക്കൽ പ്ലാന്റ്) | 1 |
| | | 6. മെയിന്റനൻസ് മെക്കാനിക് (കെമിക്കൽ പ്ലാന്റ്) | 1 |
| | | 7. ഇൻസ്ട്രുമെന്റ് മെക്കാനിക് (കെമിക്കൽ പ്ലാന്റ്) | 1 |
| | | 8. ലബോറട്ടറി അസിസ്റ്റന്റ് (കെമിക്കൽ പ്ലാന്റ്) | 1 |
| 13. | ഗവൺമെന്റ് ഐ.ടി.ഐ ഇളമാട്, കൊല്ലം. | **മെട്രിക് ട്രേഡ്** | |
| | | 1. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| 14. | ഗവൺമെന്റ് ഐ.ടി.ഐ ചെന്നീർക്കര, പത്തനംതിട്ട. | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക് ഡീസൽ | 2 |
| | | 2. ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ് | 1 |
| | | 3. ഇൻസ്ട്രുമെന്റ് മെക്കാനിക് | 1 |
| | | 4. പ്ലംബർ | 2 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 15. | ഗവൺമെന്റ് ഐ.ടി.ഐ (വനിത) മെഴുവേലി, പത്തനംതിട്ട | **മെട്രിക് ട്രേഡ്** | |
| | | 1. ഫാഷൻ ഡിസൈൻ & ടെക്നോളജി | 2 |
| 16. | ഗവൺമെന്റ് ഐ.ടി.ഐ റാന്നി, പത്തനംതിട്ട | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രോണിക്സ് മെക്കാനിക്ക് | 1 |
| 17. | ഗവൺമെന്റ് ഐ.ടി.ഐ ചെങ്ങന്നൂർ, ആലപ്പുഴ. | ***മെട്രിക് ട്രേഡുകൾ*** | |
| | | 1. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക് അപ്ലയൻസസ് | 1 |
| | | 2. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| | | 3. മെക്കാനിക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 1 |
| | | 4. മെക്കാനിക് ഡീസൽ | 1 |
| 18. | ഗവൺമെന്റ് ഐ.ടി.ഐ (വനിത) ചെങ്ങന്നൂർ, ആലപ്പുഴ. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| | | 3. സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) | 1 |
| 19. | ഗവൺമെന്റ് ഐ.ടി.ഐ പള്ളിപ്പാട്, ആലപ്പുഴ. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. സർവ്വേയർ | 2 |

| | | | |
|---|---|---|---|
| 20. | ഗവൺമെന്റ് ഐ.ടി.ഐ വയലാർ, ആലപ്പുഴ. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | 1 |
| 21. | ഗവൺമെന്റ് ഐ.ടി.ഐ ഏറ്റുമാനൂർ, കോട്ടയം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 1 |
| | | 2. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് (SCP) | 1 |
| | | 3. സർവ്വേയർ | 1 |
| | | 4. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. അപ്ഹോൾസ്റ്ററർ | 1 |
| 22. | വി.റ്റി.സി.എം ഗവ. ഐ.ടി.ഐ പള്ളിക്കത്തോട്, കോട്ടയം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡിജിറ്റൽ ഫോട്ടോഗ്രാഫർ | 2 |
| | | 2. ഫുഡ് പ്രൊഡക്ഷൻ (ജനറൽ) | 4 |
| | | 3. ഫുഡ് & ബിവറേജസ് സർവ്വീസ് അസിസ്റ്റന്റ് | 4 |
| | | 4. ഇലക്ട്രീഷ്യൻ | 1 |
| | | 5. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 1 |
| | | 6. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| 23. | ഗവൺമെന്റ് ഐ.ടി.ഐ (വനിത) ചങ്ങനാശ്ശേരി, കോട്ടയം. | **മെട്രിക് ട്രേഡ്** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| 24. | ഗവൺമെന്റ് ഐ.ടി.ഐ പെരുവ, കോട്ടയം. | **മെട്രിക് ട്രേഡ്** | |
| | | 1. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| 25. | ഗവൺമെന്റ് ഐ.ടി.ഐ തിരുവാർപ്പ്, കോട്ടയം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഇലക്ട്രീഷ്യൻ | 1 |
| | | 2. പ്ലംബർ | 2 |
| 26. | ഗവൺമെന്റ് ഐ.ടി.ഐ കട്ടപ്പന, ഇടുക്കി. | **മെട്രിക് ട്രേഡുകൾ** | |
| | | 1. സർവ്വേയർ | 2 |
| | | 2. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 3. റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | 1 |
| | | 4. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| 27. | ഗവൺമെന്റ് ഐ.ടി.ഐ കഞ്ഞിക്കുഴി, ഇടുക്കി | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ | 2 |
| | | 2. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| 28. | ഗവൺമെന്റ് ഐ.ടി.ഐ രാജാക്കാട്, ഇടുക്കി | **മെട്രിക് ട്രേഡ്** | |
| | | 1. പ്ലംബർ | 2 |
| 29. | ഗവൺമെന്റ് ഐ.ടി.ഐ ആരക്കുഴ, എറണാകുളം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. പ്ലംബർ | 2 |

| | | | |
|---|---|---|---|
| 30. | ഗവൺമെന്റ് ഐ.ടി.ഐ മണീട്, എറണാകുളം | **മെട്രിക് ട്രേഡ്** | |
| | | 1. സർവ്വേയർ | 2 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 31. | ഗവൺമെന്റ് ഐ.ടി.ഐ മരട്, എറണാകുളം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഇലക്ട്രോണിക്സ് മെക്കാനിക് | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 32. | ഗവൺമെന്റ് ഐ.ടി.ഐ കളമശ്ശേരി, എറണാകുളം. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് | 1 |
| | | 2. സർവ്വേയർ | 1 |
| 33. | ഗവൺമെന്റ് ഐ.ടി.ഐ വേങ്ങൂർ, എറണാകുളം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| | | 3. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| 34. | ഗവൺമെന്റ് ഐ.ടി.ഐ ചാലക്കുടി, തൃശ്ശൂർ | **മെട്രിക് ട്രേഡ്** | |
| | | 1. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് (LWF) | 1 |
| 35. | ഗവൺമെന്റ് ഐ.ടി.ഐ ചേർപ്പ്, തൃശ്ശൂർ. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഇലക്ട്രീഷ്യൻ | 1 |
| | | 2. സർവ്വേയർ | 2 |
| 36. | ഗവൺമെന്റ് ഐ.ടി.ഐ ദേശമംഗലം, തൃശ്ശൂർ. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| 37. | ഗവൺമെന്റ് ഐ.ടി.ഐ എറിയാട്, തൃശ്ശൂർ. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| 38. | കെ. കരുണാകരൻ സ്മാരക ഗവൺമെന്റ് ഐ.ടി.ഐ മാള, കുരുവിലശ്ശേരി പി.ഒ., തൃശ്ശൂർ. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് | 2 |
| | | 2. ഫുഡ് പ്രൊഡക്ഷൻ (ജനറൽ) | 2 |
| | | 3. മെക്കാനിക്ക് ലെൻസ് & പ്രിസം ഗ്രൈന്റിംഗ് | 2 |
| | | 4. സർവ്വേയർ | 2 |
| | | 5. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| | | 6. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 1 |
| | | 7. റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | 1 |
| | | 8. ഇന്റീരിയർ ഡിസൈൻ & ഡെക്കറേഷൻ | 2 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. ജനറൽ കാർപ്പെന്റർ | 2 |

| | | | |
|---|---|---|---|
| 39. | ഗവൺമെന്റ് ഐ.ടി.ഐ മണലൂർ, തൃശ്ശൂർ | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| 40. | ഗവൺമെന്റ് ഐ.ടി.ഐ അട്ടപ്പാടി, പാലക്കാട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| | | 3. ഇലക്ട്രീഷ്യൻ | 1 |
| 41. | ഗവൺമെന്റ് ഐ.ടി.ഐ കുഴൽമന്ദം, പാലക്കാട്. | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| | | 2. റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 42. | ഗവൺമെന്റ് ഐ.ടി.ഐ മലമ്പുഴ, പാലക്കാട്. | **മെട്രിക് ട്രേഡുകൾ** | |
| | | 1. സർവ്വേയർ | 1 |
| | | 2. ഇൻസ്ട്രുമെന്റ് മെക്കാനിക് | 1 |
| | | 3. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| | | 4. ഇലക്ട്രോണിക്സ് മെക്കാനിക്ക് | 1 |
| | | 5. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 1 |
| | | 6. ഇലക്ട്രീഷ്യൻ | 2 |
| | | 7. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. ജനറൽ കാർപ്പെന്റർ | 1 |
| 43. | ഗവൺമെന്റ് ഐ.ടി.ഐ (വനിത) മലമ്പുഴ, പാലക്കാട്. | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ് | 1 |
| | | 2. ഫാഷൻ ഡിസൈൻ & ടെക്നോളജി | 2 |
| | | 3. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക് അപ്ലയൻസസ് | 1 |
| 44. | ഗവൺമെന്റ് ഐ.റ്റി.ഐ നെന്മാറ, പാലക്കാട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 45. | ഗവൺമെന്റ് ഐ.ടി.ഐ വാണിയംകുളം, പാലക്കാട്. | **മെട്രിക് ട്രേഡ്** | |
| | | 1. ഫാഷൻ ഡിസൈൻ & ടെക്നോളജി | 2 |
| 46. | ലഫ്റ്റനന്റ് കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ, എലുമ്പുലാശ്ശേരി, പാലക്കാട്. | **മെട്രിക് ട്രേഡുകൾ** | |
| | | 1. പ്ലംബർ | 2 |
| | | 2. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |

| | | | |
|---|---|---|---|
| 47. | ഗവ. ഐ.ടി.ഐ കൊഴിഞ്ഞാമ്പാറ, പാലക്കാട്. | **മെട്രിക് ട്രേഡ്** | |
| | | 1. ഫിറ്റർ | 1 |
| 48. | ഗവൺമെന്റ് ഐ.ടി.ഐ അരീക്കോട്, മലപ്പുറം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ലിഫ്റ്റ് & എസ്കലേറ്റർ മെക്കാനിക് | 1 |
| | | 2. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 49. | ഗവൺമെന്റ് ഐ.ടി.ഐ ചെറിയമുണ്ടം, മലപ്പുറം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| | | 3. മെക്കാനിക് ഡീസൽ | 2 |
| 50. | ഗവൺമെന്റ് ഐ.ടി.ഐ മാറഞ്ചേരി, മലപ്പുറം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഇലക്ട്രീഷ്യൻ | 1 |
| | | 2. ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ | 2 |
| 51. | ഗവൺമെന്റ് ഐ.ടി.ഐ നിലമ്പൂർ, മലപ്പുറം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 52. | ഗവൺമെന്റ് ഐ.ടി.ഐ പുഴക്കാട്ടിരി, മലപ്പുറം | **മെട്രിക് ട്രേഡ്** | |
| | | 1. ഇലക്ട്രീഷ്യൻ | 1 |
| 53. | ഗവൺമെന്റ് ഐ.ടി.ഐ (വനിത) താഴേക്കോട്, മലപ്പുറം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രോണിക്സ് മെക്കാനിക്ക് | 1 |
| 54. | ഗവൺമെന്റ് ഐ.ടി.ഐ ബേപ്പൂർ, കോഴിക്കോട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് | 2 |
| 55. | ഗവൺമെന്റ് ഐ.ടി.ഐ കൊയിലാണ്ടി, കോഴിക്കോട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക്ക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 2 |
| | | 2. ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് | 2 |
| | | 3. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| | | 4. ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ | 2 |
| | | 5. ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ് | 1 |
| | | 6. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| | | 7. മൾട്ടിമീഡിയ ആനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ് | 2 |
| | | 8. മെക്കാനിക് ഡീസൽ | 2 |

| | | | |
|---|---|---|---|
| 56. | ഗവൺമെന്റ് ഐ.ടി.ഐ കോഴിക്കോട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക്ക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 2 |
| | | 2. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക് അപ്ലയൻസസ് | 1 |
| | | **നോൺ മെട്രിക് ട്രേഡുകൾ** | |
| | | 1. വെൽഡർ (GMAW & GTAW) | 2 |
| | | 2. വെൽഡർ (Structural) | 2 |
| | | 3. വെൽഡർ (Welding & Inspection) | 2 |
| 57. | ഗവൺമെന്റ് ഐ.ടി.ഐ മണിയൂർ, കോഴിക്കോട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 58. | ഗവൺമെന്റ് ഐ.ടി.ഐ തിരുവമ്പാടി, കോഴിക്കോട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| | | 3. പ്ലംബർ | 2 |
| 59. | ഗവൺമെന്റ് ഐ.ടി.ഐ വടകര, കോഴിക്കോട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| | | 3. പ്ലംബർ | 2 |
| 60. | ഗവൺമെന്റ് ഐ.ടി.ഐ വളയം, കോഴിക്കോട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഇലക്ട്രീഷ്യൻ | 1 |
| 61. | ഗവൺമെന്റ് ഐ.ടി.ഐ കൊടുവള്ളി, കോഴിക്കോട് | **മെട്രിക് ട്രേഡ്** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| 62. | ഗവൺമെന്റ് ഐ.ടി.ഐ നരിപ്പറ്റ, കോഴിക്കോട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഫിറ്റർ | 1 |
| | | 2. റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | 1 |
| 63. | ഗവൺമെന്റ് ഐ.ടി.ഐ (വനിത) നെന്മേനി, വയനാട് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഫാഷൻ ഡിസൈൻ & ടെക്നോളജി | 2 |
| 64. | ഗവൺമെന്റ് ഐ.ടി.ഐ കണ്ണൂർ. | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക് മെക്കാട്രോണിക്സ് | 1 |
| | | 2. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 2 |
| | | **നോൺ മെട്രിക് ട്രേഡുകൾ** | |
| | | 1. വെൽഡർ (GMAW & GTAW) | 2 |
| | | 2. വെൽഡർ (Structural) | 2 |
| | | 3. വെൽഡർ (Welding & Inspection) | 2 |

| | | | |
|---|---|---|---|
| 65. | ഗവൺമെന്റ് ഐ.ടി.ഐ കുറുമാത്തൂർ, കണ്ണൂർ | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഇലക്ട്രോണിക്സ് മെക്കാനിക് | 1 |
| | | 2. മെക്കാനിക് അഗ്രികൾച്ചറൽ മെഷിനറി | 1 |
| 66. | ഗവൺമെന്റ് ഐ.ടി.ഐ മാടായി, കണ്ണൂർ | **മെട്രിക് ട്രേഡ്** | |
| | | 1. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| 67. | ഗവൺമെന്റ് ഐ.ടി.ഐ പേരാവൂർ, കണ്ണൂർ | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| 68. | ഗവൺമെന്റ് ഐ.ടി.ഐ പെരിങ്ങോം, കണ്ണൂർ | **മെട്രിക് ട്രേഡ്** | |
| | | 1. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 69. | ഗവൺമെന്റ് ഐ.ടി.ഐ കൂത്തുപറമ്പ്, കണ്ണൂർ | **മെട്രിക് ട്രേഡ്** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| 70. | ഗവൺമെന്റ് ഐ.ടി.ഐ കാസർഗോഡ് | **പ്ലസ് ടു/പ്രീഡിഗ്രി ട്രേഡുകൾ** | |
| | | 1. ഡാറ്റാബേസ് സിസ്റ്റം അസിസ്റ്റന്റ് | 2 |
| | | 2. സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് അസിസ്റ്റന്റ് | 2 |
| | | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക്ക് ഡീസൽ | 2 |
| | | 2. ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ് | 1 |
| | | 3. ഇൻഫർമേഷൻ ടെക്നോളജി | 1 |
| | | 4. മൾട്ടിമീഡിയ അനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ് | 2 |
| | | 5. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 71. | ഗവൺമെന്റ് ഐ.ടി.ഐ കയ്യൂർ, കാസർഗോഡ് | **മെട്രിക് ട്രേഡുകൾ** | |
| | | 1. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| | | 2. കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് | 2 |
| | | 3. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 1 |
| | | 4. ഫിറ്റർ | 1 |
| 72. | ഗവൺമെന്റ് ഐ.ടി.ഐ മടിക്കൈ, കാസർഗോഡ് | **മെട്രിക് ട്രേഡ്** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |

| | | | |
|---|---|---|---|
| 73. | ഗവൺമെന്റ് ഐ.ടി.ഐ പുല്ലൂർ, കാസർഗോഡ് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഇലക്ട്രീഷ്യൻ | 1 |
| | | 2. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| 74. | ഗവൺമെന്റ് ഐ.ടി.ഐ സീതാംഗോളി, കാസർഗോഡ് | **മെട്രിക് ട്രേഡ്** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. വെൽഡർ | 2 |
| 75. | ബേബി ജോൺ മെമ്മോറിയൽ ഗവൺമെന്റ് (വനിത) ഐ.ടി.ഐ വെസ്റ്റ് എളേരി, കാസർഗോഡ് | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഫാഷൻ ഡിസൈൻ & ടെക്നോളജി | 2 |
| | | 3. ഡസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ | 2 |

സെക്രട്ടറി, എസ്.സി.വി.റ്റി

ആർ.ഇ